12-10-2026

Point of Order

ക്രമപ്രശ്നം

സംസ്ഥാനത്തിന്റെ പേര് മാറ്റൽ

ശ്രീ. ജി. ആർ. അനിൽ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ നാമധേയം 'കേരള' എന്നതിന് പകരം മാതൃഭാഷയുടെ തനിമ നിലനിർത്തി 'കേരളം' എന്നാക്കിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ നിർണ്ണായക വിജ്ഞാപനം 25-08-2026-ന് പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. പേര് മാറ്റം സംബന്ധിച്ച അന്തിമ നടപടിക്രമമാണ് ഇതിലൂടെ പൂർത്തിയായത്. മലയാളത്തിൽ കേരളമെന്നാണ് ഉപയോഗിക്കുന്നതെങ്കിലും ഭരണഘടനയുടെ ഒന്നാം ഷെഡ്യൂളിൽ സംസ്ഥാനത്തിന്റെ പേര് 'കേരള' എന്നായിരുന്നു. ഇത് 'കേരളം' എന്നാക്കണമെന്നാവശ്യപ്പെട്ട് 2024 ജൂണിൽ കേരളനിയസഭ പ്രമേയം പാസാക്കിയിരുന്നു. എന്നാൽ ഇപ്പോഴും നിയമസഭയിൽ നിന്ന് ലഭിക്കുന്ന ഔദ്യോഗിക കത്തുകളിലുൾപ്പെടെ പഴയ രീതിയിൽ 'കേരള' എന്നാണ് പ്രിന്റ് ചെയ്ത് നൽകുന്നത്. അക്കാര്യമാണ് എനിക്ക് ക്രമപ്രശ്നമായി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.